# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2776 — 06/02/2018-ലെ മറുപടി

## കോങ്ങാട് മണ്ഡലത്തിലെ കുടിവെള്ള വിതരണ പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബിയിലൂടെ നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള കുടിവെള്ള വിതരണ പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം നൽകുമോ;<br><br>(ബി) സമയബന്ധിതമായി അനുമതി ലഭിക്കുന്നതിനായി പ്രസ്തുത പദ്ധതികൾ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ? | (എ യും ബി യും) | 2017-2018 ബജറ്റിലെ കിഫ്ബിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലുൾപെട്ട കരിമ്പ, കോങ്ങാട് ഗ്രാമപഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിനുവേണ്ടി 12MLD ജല ശുദ്ധീകരണ ശാല, 13LL ഉന്നതതല സംഭരണി, റോ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് ഹൗസ്, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിനുകൾ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവയുടെ നിർമ്മാണ പ്രവർത്തികൾ ഉൾപ്പെടുന്ന 27.3 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് DSR 2016 പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. ആയതിന് തത്വത്തിൽ അംഗികാരവും കിഫ്ബി അംഗീകാരവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ